## വനിതാശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ : ബിന്ദു ഗോപിനാഥ് I/C)**

വിഷയം :- വനിതാശിശു വികസന വകുപ്പ്-അങ്കണവാടി പരിശീലന പദ്ധതി- അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് - ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം :- 1. 12.07.202022 ലെ സ.ഉ(സാ.ധാ)നം. 324/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്

2. ഈ കാര്യാലയത്തിലെ 25.08.2022 ലെ മേൽ നമ്പർ ഉത്തരവ്

3. ഈ കാര്യാലയത്തിലെ 24.09.2022 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ.ഐ.സി.ഡി.എസ്. ബി.8/1608/2022 തീയതി.01.11.2022

ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ജോബ്, റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശം ഒന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു. ട്രെയിനിംഗ് നടത്തുന്നതിന് പരാമർശം 2 ഉത്തരവിലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്.

1. ഹെൽപ്പർ റിഫ്രഷർ ട്രെയിനിംഗ് തിരുവനന്തപുരം , മലപ്പുറം ജില്ലകളിൽ 8 ബാച്ച് വീതവും മറ്റ് ജില്ലകളിൽ ഏഴ് ബാച്ചുകൾ വീതവുമാണ് നടത്താൻ നിർദ്ദേശം നല്കിയിട്ടുള്ളത്. ഇതിൽ മൂന്ന് ബാച്ചുകൾക്കുള്ള തുക പരാമർശം 2,3 ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഒരു ബാച്ചിനുള്ള തുക കൂടി അനുവദിക്കുന്നു.

2. റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് 50 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നു.

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 300/- per head (300x50x5) | 75,000/- |
| 2. | Travelling Allowance | 500/head/course | 25,000/- |
| 3. | Honorarium to Guest Speakers (maximum 20 Lecture per Course) | 1000/- | 20,000/- |
| 4. | Cost of Training Materials | 100/- per Trainee | 5,000/- |
| 5. | Field Visit | 4,000/- | 4,000/- |
| | **Total** | | **1,29,000/-** |

3. മേൽ ചിലവുകൾ കൂടാതെ എല്ലാ ബാച്ചുകൾക്കും കൂടി **20,000/-** രൂപാ വീതം **Other Expenses** ഇനത്തിലും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 10000/- രൂപാ പരാമർശം 2,3 ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ബാക്കി 10,000/- രൂപാ കൂടി ഈ ഉത്തരവ് പ്രകാരം അനുവദിക്കുന്നു.
4. മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും ചുവടെപ്പറയും പ്രകാരം തുക അനുവദിച്ച് നല്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിക്കുന്ന തുക | മറ്റ് ചിലവുകൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 129000/- | 10,000/ | 1,39,000/- |
| 2. | കൊല്ലം | 129000/- | 10,000/ | 1,39,000/- |
| 3. | പത്തനംതിട്ട | 129000/- | 10,000/ | 1,39,000/- |
| 4. | ആലപ്പുഴ | 129000/- | 10,000/ | 1,39,000/- |
| 5. | കോട്ടയം | 129000/- | 10,000/ | 1,39,000/- |
| 6. | ഇടുക്കി | 129000/- | 10,000/ | 1,39,000/- |
| 7. | എറണാകുളം | 129000/- | 10,000/ | 1,39,000/- |
| 8. | തൃശ്ശൂർ | 129000/- | 10,000/ | 1,39,000/- |
| 9. | പാലക്കാട് | 129000/- | 10,000/ | 1,39,000/- |

| | | | | |
|---|---|---|---|---|
| 10. | മലപ്പുറം | 129000/- | 10,000/ | 1,39,000/- |
| 11. | കോഴിക്കോട് | 129000/- | 10,000/ | 1,39,000/- |
| 12. | വയനാട് | 129000/- | 10,000/ | 1,39,000/- |
| 13. | കണ്ണൂർ | 129000/- | 10,000/ | 1,39,000/- |
| 14. | കാസർകോഡ് | 129000/- | 10,000/ | 1,39,000/- |
| | **ആകെ** | **18,06,000/-** | 1,40,000/- | **19,46,000/-** |

മേൽ ലിസ്റ്റ് പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിനായി ആകെ **19,46,000/- (പത്തൊൻപത് ലക്ഷത്തി നാല്പത്തി ആറായിരം രൂപാ മാത്രം )** എല്ലാ ജില്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും അലോട്ട്മെന്റായി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ ഓഫീസർമാർ മേൽ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള സമയ പരിധിയ്ക്കുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-41 (P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

(ഒപ്പ്)

**വനിതാ ശിശു വികസനഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ് :-**

1. സീനിയർ ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ
3. സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**